LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാണ്ടി : സർ, ഈ സംസ്ഥാനത്തെ ജനങ്ങൾ മുഴുവൻ തുശങ്കുസ്വർഗ്ഗത്തിലാണ്. ചാനലുകളിൽ വാർത്ത വരുന്നു, പത്രങ്ങളിൽ വാർത്ത വരുന്നു, ഇതിൽ ഏതാണ് ശരി ? ബിജു രമേശ് പറയുന്നതാണോ അതോ അദ്ദേഹത്തിന്റെ ഡ്രൈവർ പറയുന്നതാണോ ശരി ; വണ്ടി അവിടെ ചെന്നത് കണ്ട എന്നുപറയുന്നതാണോ, അതൊക്കെ നിഷേധിച്ചുകൊണ്ട് ശ്രീ. കെ. എം. മാണി പറയുന്നതാണോ ശരി ; ആരുപറയുന്നതാണ് ശരി ? ഈ രാജ്യത്തെ ജനങ്ങൾക്ക് ഇതറിയേണ്ടേ ? തീർച്ചയായും വിജിലൻസിനെ ഇക്കാര്യത്തിൽ വിശ്വസിക്കാതെ വരും. കാരണം, അത് നിയന്ത്രിക്കുന്നത് ഗവൺമെന്റാണ്. അതുകൊണ്ട് എനിക്ക് മാണിസാറിനോട് പറയാനുള്ളത്, അങ്ങയുടെ അമ്പത് വർഷത്തെ പൊതുജീവിതത്തിന്റെ അവസാനം ഇത്തരത്തിൽ പോകാതെ അങ്ങ് തന്റേടത്തോടെ സി.ബി.ഐ. അന്വേഷണത്തെ നേരിട്ട് ഒരു അഗ്നിപരീക്ഷ നടത്തി അങ്ങയുടെ സത്യം തെളിയിക്കണം എന്നാണ്. ഇക്കാര്യം മാത്രം പറഞ്ഞുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

[ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. പുറത്തുപോയ പോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.]

V ശ്രദ്ധ ക്ഷണിക്കൽ

1. 2012- ലെ സേവനാവകാശ നിയമം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, രാജ്യത്തിനാകെ മാതൃകയാക്കാവുന്ന ഒട്ടേറെ നിയമങ്ങൾ പാസ്സാക്കിയ പാരമ്പര്യം നമ്മുടെ നിയമസഭയ്ക്കുണ്ട്. സാധാരണക്കാരന് സംതൃപ്തമായ ജീവിതം നയിക്കുന്നതിന് ചുവപ്പുനാട തടസ്സമായിക്കൂടെന്ന ഈ സഭയിലെ അംഗങ്ങളുടെ അദമ്യമായ ആഗ്രഹത്തിന്റെ ബഹിർസ്ഫുരണമാണ് സേവനാവകാശ നിയമം. ഈ നിയമം പാസ്സാക്കുന്ന ഇന്ത്യയിലെ അപൂർവ്വം സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയപ്പോൾ അളവറ്റ ആനന്ദവും അതിരില്ലാത്ത അഭിമാനവും നമുക്കുണ്ടായി. ചെറിയൊരു ആവശ്യത്തിനുപോലും നിരന്തരം സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങി നിരാശരാകേണ്ടിവരുന്ന ഹതഭാഗ്യരുടെ ദയനീയാവസ്ഥ നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിയുടെ മനസ്സിലുണ്ടാക്കിയ ചലനമാണ് സേവനാവകാശ നിയമം. ജനോപകാരപ്രദമായ നിരവധി നിയമങ്ങൾ പാസ്സാക്കിയ ഒരു സർക്കാരാണിത്.

LIBRARY ARCHIVES Kerala Legislative Assembly

വിപ്ലവകരമായ വിവരാവകാശ നിയമംപോലെ പ്രാധാന്യമുള്ളതാണ് സേവനാവകാശ നിയമവും. ഈ നിയമം 2012-ൽ പാസ്സാക്കിയെങ്കിലും അതിന്റെ ഗുണവും നന്മയും അനുഭവിക്കുവാൻ ജനങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അതിനനുസൃതമായ സംവിധാനങ്ങൾ ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലായെന്നതാണ് പരമാർത്ഥം. അഞ്ച് മിനിട്ടുകൊണ്ട് ചെയ്യുകിട്ടാവുന്ന കാര്യങ്ങൾക്ക് അമ്പത് ദിവസം നിരന്തരം ചെന്നാലും നമ്മുടെ ഉദ്യോഗസ്ഥവൃന്ദം സാധാരണക്കാരോട് കനിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മനസ്സിനും താല്പര്യത്തിനും ആഗ്രഹത്തിനും ഈ സർക്കാരിന്റെ നിലപാടിനും എതിരാണിത്. സേവനാവകാശ നിയമം ആവേശത്തോടെ നാം പാസ്സാക്കി. എന്നാൽ പൂർണ്ണ അർത്ഥത്തിൽ അത് പ്രാബല്യത്തിലാക്കാൻ നമുക്ക് കഴിഞ്ഞില്ല. എല്ലാ വകുപ്പുകളേയും അതിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഈ നിയമത്തെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കാൻ വേണ്ടത്ര ശ്രമങ്ങൾ ഉണ്ടായിട്ടില്ല. ഈ നിയമത്തെക്കുറിച്ച് പൗരാവകാശ രേഖ ഓരോ വകുപ്പും പുറപ്പെടുവിക്കേണ്ടതുണ്ട്. പക്ഷെ, 25 വകുപ്പുകൾ മാത്രമേ അത് പുറപ്പെടുവിച്ചിട്ടുള്ളൂ. ഇനിയും 22 വകുപ്പുകൾ പുറപ്പെടുവിക്കുവാൻ ബാക്കിയുണ്ട്. ഓരോതരം സേവനത്തെക്കുറിച്ചും അത് എങ്ങനെ ലഭ്യമാക്കാം എന്നതിനെക്കുറിച്ചും ജനങ്ങൾക്ക് അറിയണമെങ്കിൽ പൗരാവകാശരേഖ അനിവാര്യമാണ്. ഇതിന്റെ അഭാവം നിയമനടത്തിപ്പിന് തടസ്സമെന്നത് യാഥാർത്ഥ്യമാണ്. സെക്രട്ടേറിയറ്റ് നമ്മുടെ ഭരണ സിരാകേന്ദ്രമാണ്. നിത്യേന പരശ്ശതം ആളുകൾ പലതരത്തിലുള്ള ആവശ്യങ്ങൾക്ക് സെക്രട്ടേറിയറ്റിൽ എത്തുന്നു. പ്രതീക്ഷയോടെ സെക്രട്ടേറിയറ്റിലെത്തുന്നവർക്ക് ധൈര്യം പകരേണ്ടതാണ് സേവനാവകാശ നിയമം. സെക്രട്ടേറിയറ്റിലെ പല വകുപ്പുകളും ഇപ്പോഴും ഈ നിയമം സംബന്ധിച്ച പൗരാവകാശരേഖ പുറപ്പെടുവിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാപ്പകലില്ലാതെ ജനങ്ങൾക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നു. അനിതര സാധാരണമായ താല്പര്യത്തോടെയും ആവേശത്തോടെയും പോസിറ്റീവായ തീരുമാനങ്ങളും മുഖ്യമന്ത്രി എടുക്കുന്നുണ്ട്. എന്നാൽ നമ്മുടെ സെക്രട്ടേറിയറ്റിൽ സേവനാവകാശ നിയമം നിലവിൽവന്നിട്ടും 'വഞ്ചി ഇപ്പോഴും തിരുനക്കരതന്നെ' എന്ന അവസ്ഥയാണ്. മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും എടുക്കുന്ന ജനക്ഷേമകരമായ തീരുമാനങ്ങൾപോലും ഇത്തരം ഓഫീസുകളിൽ അട്ടിമറിക്കപ്പെടുകയാണ്. സെക്രട്ടേറിയറ്റിലും സേവനാവകാശ നിയമം ബാധകമാക്കേണ്ടത് അനിവാര്യമാണ്. കേരളത്തിന്റെ വടക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന കാസർഗോഡു നിന്നും മലബാറിലെ മറ്റു ജില്ലകളിൽനിന്നും നിയമപരമായ ഒരു കാര്യം സാധിച്ചെടുക്കുന്നതിന് പലതവണ തിരുവനന്തപുരത്തേക്ക് വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ മനസ്സിലാക്കണം. വർഷങ്ങളോളം സെക്രട്ടേറിയറ്റിലെ ഓഫീസുകളിൽ

കയറിയിറങ്ങി പ്രശ്നത്തിന് പരിഹാരമില്ലാതെ ഇപ്പോഴും നിസ്സഹായരായി കണ്ണീർ പൊഴിക്കുന്ന കാസർഗോഡ് ജില്ലയിലെ നിരവധി പേരുടെ വികാരംകൂടിയാണ് ഞാനിവിടെ പ്രകടിപ്പിക്കുന്നത്. ഈ പരിതാപകരമായ അവസ്ഥയ്ക്ക് അന്ത്യമുണ്ടായാൽ മാത്രമേ സേവനാവകാശ നിയമത്തിന് അർത്ഥമുണ്ടാകുകയുള്ളൂ. ജനം ഉണരണമെങ്കിൽ ജനങ്ങൾക്ക് അറിവ് പകരണം. സേവനാവകാശ നിയമത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ജനങ്ങൾക്ക് ഒരു നിയമത്തെക്കുറിച്ച് അറിയില്ലെങ്കിൽ ആ നിയമത്തിന് ഉദ്ദിഷ്ട ഫലം കൈവരിക്കുവാൻ സാധിക്കുകയില്ല. ലീഗൽ സർവ്വീസ് അതോറിറ്റികൾ നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. അതുവഴിയും കേരള സംസ്ഥാന യൂത്ത് കമ്മീഷൻ വഴിയും ജനങ്ങൾക്ക് ഈ വിഷയത്തിൽ ക്ലാസ്സുകൾ നൽകേണ്ടതാണ്. ഈ അടുത്തകാലത്താണ് ആഭ്യന്തര വകുപ്പ് അഴിമതിക്കെതിരെ 'വിജിലന്റ് കേരള' പദ്ധതി പ്രഖ്യാപിച്ചത്. എല്ലാ ഓഫീസുകളിലും അതുസംബന്ധിച്ച പോസ്റ്ററുകൾ പതിച്ചിട്ടുണ്ട്. പക്ഷേ സേവനാവകാശ നിയമത്തെക്കുറിച്ച് ഒരു പോസ്റ്റർപോലും എവിടേയും കാണാനില്ല. സേവനാവകാശ നിയമം ഒരു കടലാസുപുലി ആകരുതെന്നാണ് എനിക്ക് പറയാനുള്ളത്. പഥിതരും പീഡിതരുമായ ആയിരക്കണക്കിന് ആളുകളുടെ കണ്ണീരുകാണാൻ കഴിയാത്ത ക്രൂരമനസ്സുകളെ മാറ്റാനുള്ള ശൗര്യവും ശക്തിയും ഈ നിയമത്തിന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. എൻ. എ. ഖാദർ]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നവംബർ മാസം ഒന്നാം തീയതി നിലവിൽ വരികയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27-10-2012-ലെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുന്നതിനുവേണ്ടിയാണ് ഈ നിയമം നടപ്പിലാക്കിയിട്ടുള്ളത്. ഇതനുസരിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകൾ, സ്ഥാപനങ്ങൾ ഉൾപ്പെടെ 120 സ്ഥാപനങ്ങൾ ഗസറ്റിൽ ഉൾപ്പെടുത്തി വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. സേവനാവകാശനിയമം 2012 സംബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി.-യുടെ സഹകരണത്തോടുകൂടി ഐ.എം.ജി. ഡയക്ടറുടെ മേൽനോട്ടത്തിൽ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഐ.എം.ജി. ഡയറക്ടർ അറിയിച്ചു. ഇതുസംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാനും ഐ.എം.ജി. ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[11.00 A.M]

ജനങ്ങൾക്ക് ഗവൺമെന്റിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ ആരുടെയും ഔദാര്യമല്ല, അത് ഓരോ പൗരന്റെയും അവകാശമാണ്. ആ അവകാശം സമയബന്ധിതമായി ലഭിക്കേണ്ടതുണ്ട്. ഇന്ന് കിട്ടേണ്ടത് നാളെയായാൽ അതുവരെ കാത്തിരിക്കാൻ ജനങ്ങൾ മടിക്കുന്ന കാലഘട്ടമാണ്. കാരണം മറ്റെന്തിനെക്കാളും എല്ലാവർക്കും വിലപ്പെട്ടത് സമയമാണ്. അതുകൊണ്ട് സമയബന്ധിതമായി ജനങ്ങളുടെ അവകാശമായിത്തന്നെ ഗവൺമെന്റിൽ നിന്ന് കിട്ടേണ്ട അവകാശങ്ങൾ ഉറപ്പുവരുത്തുക എന്നതാണ് ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങളും ഗവൺമെന്റ് വളരെ ഗൗരവമായി കാണുന്നു. ഈ നിയമത്തിന്റെ ഏറ്റവും കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ എല്ലാ നിർദ്ദേശങ്ങളും തുടർന്നും നൽകും. ഇന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ ത്വരിതപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുകൊടുക്കാനും ഈ അവസരം വിനിയോഗിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, സേവനാവകാശ നിയമത്തിന്റെ നടത്തിപ്പിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രസ്തുത നിയമത്തിന്റെ സമയബന്ധിതമായ നടത്തിപ്പ് ഉറപ്പാക്കാൻ കഴിയില്ലേ എന്ന വിനീതമായ അഭിപ്രായം ഈ സഭയുടെ മുൻപിൽ വയ്ക്കുകയാണ്. അതുപോലെ തന്നെ സേവനം യഥാസമയം ലഭിക്കാതിരിക്കുമ്പോഴാണ് സേവനാവകാശ നിയമം അനുസരിച്ച് നടപടി സ്വീകരിച്ച് ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കുന്നത്. സേവനം വൈകി ലഭിക്കുന്നതുകൊണ്ടോ ലഭിക്കാത്തതു കൊണ്ടോ, മാനസികവും സാമ്പത്തികവുമായ നഷ്ടം ഉണ്ടാകുന്നത് പരാതിക്കാരനാണ്. ആയതിനാൽ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്ന പിഴയുടെ ഒരു ഭാഗം നഷ്ടപരിഹാരമായി പരാതിക്കാരന് നൽകാൻ ഒരു വ്യവസ്ഥ വേണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, പരാതിക്കാരന് പിഴയുടെ ഒരംശം കൊടുക്കാനുള്ള വ്യവസ്ഥ ഇന്ന് നിലവിലില്ല. സേവനങ്ങൾ സമയബന്ധിതമായി കിട്ടേണ്ടതും അതിന് കാലതാമസം ഒഴിവാക്കേണ്ടതുമാണ്. ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ എൻ.ഐ.സി.-യുടെ സഹായത്തോടെയാണ് ഓൺലൈൻ മോണിട്ടറിംഗും മറ്റും ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതനുസരിച്ച് കുറേക്കൂടി കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനുള്ള ഒരു ഭരണ സംവിധാനും ആവശ്യമാണ്. ഇപ്പോൾത്തന്നെ നിയമത്തിൽ ഫസ്റ്റ് അപ്പീലും സെക്കൻഡ് അപ്പീലുമുണ്ട്. എവിടെയെങ്കിലും വീഴ്ച പറ്റിയാൽ അത് പരിശോധിക്കാനും അവർക്ക് ഫൈൻ ഈടാക്കാനുമുള്ള സംവിധാനമുണ്ട്. അതിനുപുറമേ മൊത്തത്തിലുള്ള മോണിട്ടറിംഗ് സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly